പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1556 06.03.2020-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് പുതുതായി ആർ.ടി. ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം (പരവൂർ അല്ലെങ്കിൽ ചാത്തന്നൂർ), മഞ്ചേശ്വരം, നാദാപുരം, മുക്കം, പിറവം, വൈപ്പിൻ, എറണാകുളം ടൗൺ, കോട്ടക്കൽ, കുന്ദംകുളം, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ പുതിയ ആർ.ടി/സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഒട്ടേറെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന പൂഞ്ഞാർ മണ്ഡലത്തിൽ ഈരാറ്റുപേട്ട കേന്ദ്രമാക്കി പുതിയ ആർ.ടി. ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രീ. പി. സി. ജോർജ്ജ് എം.എൽ.എ (പൂഞ്ഞാർ) നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ, ഈരാറ്റുപേട്ട ആസ്ഥാനമാക്കി സബ് ആർ.ടി ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗതാഗത കമ്മീഷണറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ